# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3884      24.06.2014- ൽ മറുപടിക്ക്

### "വ്യവസായ ഗ്രാമം പദ്ധതി"

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. റ്റി.എൻ. പ്രതാപൻ**<br>**ശ്രീ. ആർ. സെൽവരാജ്**<br>**ശ്രീ. പി.എ. മാധവൻ**<br>**ശ്രീ. കെ. മുരളീധരൻ** | **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) ആദ്യ വ്യവസായ ഗ്രാമ പ്രഖ്യാപനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ: | എ) കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം മുൻകൈയെടുത്ത് കരുനാഗപ്പള്ളി താലൂക്കിലെ പന്മന ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചതിന്റെ അടിസ്ഥാനത്തിൽ ഉടലെടുത്ത ഒരു ചെറിയ ആശയമാണ് വ്യവസായ ഗ്രാമം. ഈ ആശയം നടപ്പിലാക്കുന്നതിനു വേണ്ടി ആദ്യമായി തെരഞ്ഞെടുത്തത് പന്മന ഗ്രാമപഞ്ചായത്തിനെയാണ്. |
| ബി) വ്യവസായ ഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) "ഒരു വീട് - ഒരു വ്യവസായ യൂണിറ്റ് " എന്ന ഉദ്ദേശ്യത്തോടെ Household industry പ്രോത്സാഹിപ്പിക്കുക, അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഉത്പാദന വർദ്ധനവ് ഉണ്ടാക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ ആശയം കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.<br><br>ഉത്പാദന മേഖലയിലെ വലിയ സംരംഭകരെ വ്യവസായ ഗ്രാമമായി തെരഞ്ഞെടുക്കുന്ന പ്രദേശത്തേക്ക് ക്ഷണിച്ചുവരുത്തി ആ പ്രദേശത്തെ തത്പരരായ ജനങ്ങൾക്ക് raw material/ product components എന്നിവ പ്രസ്തുത സംരംഭങ്ങളെക്കൊണ്ട് ലഭ്യമാക്കിപ്പിച്ച് ഉത്പന്നമുണ്ടാക്കി / കൂട്ടിയിണക്കി അവരെതന്നെ തിരികെ ഏൽപ്പിക്കുക |

| | |
|---|---|
| | എന്നുള്ളതാണ് ഇതിന്റെ പ്രവർത്തനരീതി. ഇതിനുവേണ്ടി പരിശീലനം ആവശ്യമുള്ള ചെറുസംരംഭങ്ങൾക്ക്/ജനങ്ങൾക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് പരിശീലനം നൽകി യൂണിറ്റുകൾ ആരംഭിക്കുന്നതിന് വേണ്ടുന്ന സഹായം നൽകുന്നു. ഇതിലൂടെ ജനങ്ങൾക്ക് വരുമാനമാർഗ്ഗം ഉണ്ടാക്കുകയാണ് ലക്ഷ്യം. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നതെന്ന് വിശദമാക്കാമോ; | സി) പന്മന വ്യവസായ ഗ്രാമവുമായി ബന്ധപ്പെട്ട് സഹകരിക്കുന്നത് പന്മന ഗ്രാമപഞ്ചായത്തും കൊല്ലം ജില്ലാ വ്യവസായ കേന്ദ്രവും ആണ്. |
| ഡി) സംസ്ഥാനത്ത് അനുകൂലമായ സ്ഥലങ്ങളിൽ പദ്ധതി നടപ്പാക്കുന്ന കാര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ